(ഇ) മെഡിക്കൽ കോളേജിലെ ഫാർമസി ഡിപ്പാർട്ടുമെന്റുകളിൽ പി. എസ്. സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തി നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 33.

(ബി) ഒരു പ്രൊഫസർ, 3 അസോസിയേറ്റ് പ്രൊഫസർ, 7 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ പ്രൊമോഷൻ നടക്കാതെ ഒഴിഞ്ഞുകിടപ്പുണ്ട്.

(സി) ഇല്ല. ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാത്തതുകൊണ്ടും 3 ലക്ചറർ പോസ്റ്റുകൾ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റിയതുകൊണ്ടും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ വൈകുന്നതുമൂലവുമാണ് തിരുവനന്തപുരം മെഡിക്കൽകോളെജിൽ ആവശ്യത്തിനുള്ള ടീച്ചിംഗ് സ്റ്റാഫ് ഇല്ലാത്തത്.

(ഡി) ഇല്ല. അധിക തസ്തികകൾ സൃഷ്ടിക്കാത്തതാണ് കാരണം.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി

256 [3232] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹോമിയോ ഡിസ്പൻസറി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എത്ര ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്തത്;

(സി) പുതുതായി എത്ര ഹോമിയോ ഡിസ്പെൻസറിയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവിടെ പുതുതായി ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ ഇത് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ജി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോമിയോ ഡിസ്പെൻസറി അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) — (ജി) ഹോമിയോ ചികിത്സാ സൗകര്യം സംസ്ഥാനത്ത് ഒട്ടാകെ ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ ഉദ്ദേശ്യം. എന്നാൽ 503 ഗ്രാമ പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ല. കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പെരുവയൽ, കുന്ദമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ല. ഹോമിയോപ്പതി വകുപ്പിനായി പത്താം പഞ്ചവത്സര പദ്ധതിയിൽ (2002-2007) അംഗീകരിച്ചിട്ടുള്ള സ്കീമുകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കാൻ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നകാര്യം തൽക്കാലം പരിഗണിക്കാൻ നിർവാഹമില്ല. അതുകൊണ്ടുതന്നെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ആയുർവ്വേദ ഡിപ്പാർട്ടുമെന്റിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക

257 [3233] *ശ്രീ. എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ഡിപ്പാർട്ടുമെന്റിൽ ഡോക്ടർമാരുടെ ഏതൊക്കെ സ്പെഷ്യാലിറ്റികളാണ് നിലവിലുള്ളത്;

(ബി) പോസ്റ്റ് ഗ്രാജുവേഷനുള്ള ആയുർവ്വേദ ഡോക്ടർമാർക്ക് പ്രത്യേക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഓരോ സ്പെഷ്യാലിറ്റിയിലും നിലവിൽ ആയുർവ്വേദത്തിൽ പോസ്റ്റ് ഗ്രാജുവേഷൻ എടുത്ത എത്ര ഡോക്ടർമാർ സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നുവെന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly